LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രവൃത്തിയുടെ കരാർ ലഭിച്ചത് ശ്രീ. കെ. എം. ജോർജ്ജ് കുട്ടി, കാവിക്കുന്നേൽ വീട്, കുന്നേക്കൽ. പി.ഒ, മൂവാറ്റുപുഴ എന്നിവർക്കാണ്.

(സി) പ്രസ്തുത പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഗ്രിമെന്റ് വച്ച പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്ത കരാറുകാരനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാത്തതിനാൽ കരാറുകാരന് നിരവധി തവണ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ ഉടമ്പടി പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള നോട്ടീസും നൽകിയിട്ടുണ്ട്.

(ഡി) ഇത് ആരംഭിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഉടമ്പടി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പമ്പ് ഹൗസ് നിർമ്മാണം, സിസ്റ്റേൺ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, പാർശ്വഭിത്തി നിർമ്മാണം എന്നിവയാണ്. ഇവയിൽ പമ്പ് ഹൗസ് നിർമ്മാണം ഒഴികെ മറ്റുപ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാരന് തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ പ്രവൃത്തിയുടെ പമ്പ് ഹൗസ് നിർമ്മാണം നടത്തേണ്ട സ്ഥലം പുഴയുടെ പുറമ്പോക്ക് ഭൂമിയാണ്. ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ സ്ഥലവുമായി അതിർത്തി പങ്കിടുന്നുണ്ട്. ആയതിനാൽ അതിർത്തി കൃത്യമായി നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. അതിർത്തി കൃത്യമായി നിർണ്ണയിച്ചുകിട്ടുന്നതിനു വേണ്ടി വില്ലേജ് ഓഫീസറോടും താലൂക്ക് സർവ്വെയറോടും അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും രേഖാമൂലം ആവശ്യപ്പെട്ടിരിക്കുകയാണ്. നിലവിൽ അതിര് നിർണ്ണയിച്ച് കിട്ടിയിട്ടില്ല.

ഉളിയംകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

181(2217) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉളിയംകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി.-യിൽ അയച്ച ഡീറ്റെയിൽസ് ഉപയോഗിച്ച് ഡിസൈൻ പൂർത്തീകരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെട്ട ഈ പ്രവൃത്തിയുടെ ഡി.പി.ആർ. 2021 ജൂലൈ മാസംതന്നെ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കവ്വായി പുഴയ്ക്ക് കുറുകെ ഉളിയംകടവിൽ വിഭാവനം ചെയ്തിട്ടുള്ള റഗുലേറ്റർ -കം- ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് ഐ.ഡി.ആർ.ബി. ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ട ഡിസൈൻ ലഭ്യമായാലുടൻതന്നെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊല്ലം മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

182(2218) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20, 2020-21 കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20, 2020-21 കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

നമ്പർ	വർഷം	പ്രവൃത്തിയുടെ പേര്	തുക (ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
1	2019-20	കൊല്ലം കോർപ്പറേഷനിൽ അറുന്നൂറ്റി മംഗലം കുളത്തിന്റെ പുനരുദ്ധാരണവും ലീഡിംഗ് ചാനലിന്റെ നിർമ്മാണവും	25.00	പ്രവൃത്തി സ്ഥലം വയൽ പ്രദേശമായതിനാൽ ശക്തമായ മഴമൂലം വെള്ളക്കെട്ട് രൂപം കൊണ്ടിരിക്കുന്നതിനാൽ 5% പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്.